35 (1678) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : KS
ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമനുസരിച്ച് ഏതെല്ലാം പദ്ധതികളുടെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൻകീഴിൽ കേന്ദ്ര സഹായം ലഭിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് പറയുമോ;

(സി) നബാർഡിന്റെ സഹായത്തോടെ ഏതെല്ലാം പദ്ധതികളുടെ പണിയാണ് നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) കാരാപ്പുഴ, ഇടമലയാർ പദ്ധതികളുടെ പണി ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നു;

(ഇ) ഇവയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) മൂവാറ്റുപുഴ വാലി ജലസേചനപദ്ധതി എന്നത്തേയ്ക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പറയുമോ?

ഉത്തരം

(എ) കല്ലട, മൂവാറ്റുപുഴ, ജലസേചന പദ്ധതികളിൽ ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമനുസരിച്ച് പണികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) കല്ലട, മൂവാറ്റുപുഴ എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) നബാർഡിന്റെ സഹായത്തോടെ വൻകിട ഇടത്തരം മേഖലയിൽ പഴശ്ശി, കാഞ്ഞിരപ്പുഴ, കാരാപ്പുഴ, കണക്കൻകടവ് ബ്രിഡ്ജ്-കം-റഗുലേറ്റർ എന്നീ പദ്ധതികളുടെ പണികൾ നടന്നുവരുന്നു. കൂടാതെ ചെറുകിട ജലസേചന മേഖലയിൽ 102 പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടന്നുവരുന്നു.

(ഡി) കാരാപ്പുഴ ജലസേചന പദ്ധതിയുടെ 1/3 ഭാഗം പണികൾ പൂർത്തിയായിട്ടുണ്ട്. ഇടമലയാർ പദ്ധതിയുടെ മെയിൻ കനാലിന്റെ 8.152 കി.മീറ്റർ നീളം പണിപൂർത്തിയായിട്ടുണ്ട്. 1.07 കി.മീറ്റർ നീളത്തിലുള്ള കനാലിന്റെ പണി പുരോഗമിച്ചുവരുന്നു. ലോ ലവൽ കനാലിന്റെ 2.74 കി.മീറ്റർ നീളം പണി പൂർത്തിയാക്കി. വിവിധ കനാലുകളിൽ 6.325 കി.മീറ്റർ നീളത്തിൽ പണികൾ നടന്നു വരുന്നു.

(ഇ) ഇടമലയാർ ജലസേചന പദ്ധതി 2000-ാം ആണ്ടിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാരാപ്പുഴ ജലസേചന പദ്ധതി ഒമ്പതാം പദ്ധതിയുടെ അവസാനത്തോടെ പൂർത്തിയാക്കുവാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതി 2001-ൽ പൂർണ്ണമായും കമ്മിഷൻ ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

36 (1679) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം

ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. ജോസ് ബേബി :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ആക്സിലറേറ്റഡ് ബെനിഫിറ്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഏതെങ്കിലും ജലസേചന പദ്ധതികൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ് എത്ര തുക വീതം സഹായം ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്ക് ധനസഹായം നേടിയെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കല്ലട ജലസേചന പദ്ധതിക്ക് ഇതുവരെ 18.75 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിക്ക് ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. പക്ഷേ തുക ഇതുവരെ ലഭിച്ചിട്ടില്ല.

(സി) കല്ലട, മൂവാറ്റുപുഴ എന്നീ ജലസേചന പദ്ധതികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പെരിയാർവാലി പദ്ധതിക്കും ധനസഹായം നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

37 (1682) മാടപ്പള്ളി, വാകത്താനം, കറുകച്ചാൽ, ജലവിതരണ പദ്ധതികൾ

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ചങ്ങനാശ്ശേരി സബ്ഡിവിഷനിൽപ്പെട്ട മാടപ്പള്ളി, വാകത്താനം, കറുകച്ചാൽ ജലവിതരണ പദ്ധതിയുടെ ഏതൊക്കെ ജോലികൾ ഇനി പൂർത്തിയാകാനുണ്ട്;

(ബി) ഈ ജോലികൾ പൂർത്തിയാക്കുവാൻ ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സബ്ഡിവിഷനിൽപ്പെട്ട പായിപ്പാട് ഒ.എച്ച്.എസ്. കമ്മിഷൻ ചെയ്യുവാൻ ആവശ്യമായ പൈപ്പ് നൽകുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly